LIBRARY ARCHIVES Kerala Legislative Assembly

യാത്രാപ്രശ്നങ്ങളുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങളും ചർച്ച ചെയ്ത് പരിഹാരം ഉണ്ടാക്കേണ്ടതുമാണ് എന്ന നിർദ്ദേശം എല്ലാ ജില്ലാ കളക്ടർമാർക്കും റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും നൽകിയിട്ടുണ്ട്. മാത്രമല്ല, വിദ്യാർത്ഥികളുടെ യാത്രാ പ്രശ്നങ്ങൾ ചർച്ച ചെയ്യുവാൻ ഒരു വർഷത്തിൽ കുറഞ്ഞത് രണ്ട് പ്രാവശ്യമെങ്കിലും യോഗം ചേരണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

(സി) വിദ്യാർത്ഥികൾക്കുള്ള കൺസഷൻ കാർഡ് വിതരണം, പ്രൈവറ്റ് ബസ്സിൽ വിദ്യാർത്ഥികളെ രണ്ടാംതരം പൗരന്മാരായി ചിത്രീകരിക്കുന്നുവെന്നുള്ള പരാതികൾ, വിദ്യാർത്ഥികൾ നിൽക്കുന്ന ബസ് സ്റ്റോപ്പുകളിൽ ബസ്സ് നിർത്തുന്നില്ല, ബസ്സ് വിടാൻ സമയത്ത് മാത്രമേ വിദ്യാർത്ഥികളെ ബസ്സിൽ കയറുവാൻ അനുവദിക്കുന്നുള്ളൂ എന്നീ പരാതികൾ, വിദ്യാർത്ഥികൾക്ക് ബസ്സിൽ സീറ്റ് അനുവദിക്കുന്നില്ല എന്നും അവരിൽനിന്നും അമിത യാത്രാക്കൂലി വാങ്ങുന്നു വെന്നുമുള്ള പരാതികൾ തുടങ്ങിയവയ്ക്കാണ് സ്റ്റുഡന്റ്സ് ട്രാവൽ ഫെസിലിറ്റി കമ്മിറ്റിവഴി പരിഹാരം കാണേണ്ടത്.

വിദ്യാർത്ഥികൾ സഞ്ചരിക്കുന്ന വാഹനങ്ങൾക്ക് അപകടമുണ്ടാകാതിരിക്കാൻ പദ്ധതി

263 (7826) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാർത്ഥികൾ സഞ്ചരിക്കുന്ന വാഹനങ്ങൾക്ക് അപകടമുണ്ടാകാതിരിക്കാനായി മോട്ടോർ വാഹന വകുപ്പ് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ എന്തെല്ലാമാണ് ;

(സി) ആരെല്ലാമാണ് പദ്ധതിയുമായി സഹകരിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം ക്രമീകരണങ്ങളാണ് നടത്തുവാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ & ബി) യാത്രാ സുരക്ഷ സംബന്ധിച്ച നിലവിലുള്ള നിയമങ്ങളും നിബന്ധനകളും പാലിക്കപ്പെടുന്നുണ്ടോയെന്ന് വാഹനം രജിസ്റ്റർ ചെയ്യുന്ന സമയത്തും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്ന സമയത്തും ഉറപ്പുവരുത്താറുണ്ട്. സ്പീഡ് ഗവേർണ്ണർ നിർബന്ധമാക്കുകയും പ്രവർത്തനക്ഷമത പരിശോധിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ ദൈനംദിന വാഹന പരിശോധനാ സമയത്തും നിബന്ധനകൾ പാലിക്കപ്പെടുന്നുണ്ടോയെന്ന് ഉറപ്പുവരുത്താറുണ്ട്. കൂടാതെ പോലീസ്, വിദ്യാഭ്യാസ വകുപ്പ് എന്നിവരുമായി ചേർന്ന് സംയുക്ത

പരിശോധനയ്ക്കുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്. സ്കൂൾ അദ്ധ്യയന വർഷാരംഭത്തിൽ സ്കൂൾ ബസ്സുകളുടെ പരിശോധന നടത്തുകയും ഡ്രൈവർമാർക്ക് ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 24-6-2014-ൽ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ജോയിന്റ് ആർ.ടി.ഒ. മുതൽ മുകളിലോട്ടുള്ള മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥരുടെയോഗം ചേരുകയും കുട്ടികളുടെ സുരക്ഷ ഉറപ്പാക്കാൻ വേണ്ട ഒട്ടേറെ കാര്യങ്ങളിൽ കർശന നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

കൂടാതെ താഴെപ്പറയുന്ന പദ്ധതികളും നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട് :

1. വിദ്യാർത്ഥികൾ റോഡപകടത്തിൽപ്പെടുന്നത് ഒഴിവാക്കുന്നതിനും റോഡ് സുരക്ഷ അവബോധം സൃഷ്ടിക്കുന്നതിനുമായി ജില്ലാതലം മുതൽ പഞ്ചായത്ത് തലംവരെ സ്റ്റുഡന്റ്സ് റോഡ് സേഫ്റ്റി കമ്മിറ്റികൾ രൂപീകരിക്കണം. റോഡ് സുരക്ഷാ കൗൺസിൽ അംഗങ്ങൾ, ജില്ലാ ട്രാഫിക് ഉപദേശക കമ്മിറ്റി എന്നിവയൊടൊപ്പം ഇൻസ്റ്റിറ്റ്യൂഷൻ തലവൻമാർ, ജില്ലാ പഞ്ചായത്ത്, റസിഡന്റ്സ് അസോസിയേഷൻ, എക്സിക്യൂഷൻ ഡിപ്പാർട്ട്മെന്റ്സ് എന്നിവരുടെ പ്രതിനിധികൾ അടങ്ങുന്ന ജില്ലാതലയോഗം സമയബന്ധിതമായി വിളിച്ചുചേർക്കണം. ഓരോ ജില്ലയിലും സൗകര്യമുള്ള ദിവസം യോഗം വിളിക്കുവാനായി നിർദ്ദേശം നൽകണം. ആർ.ടി.ഒ. കൺവീനറും ജില്ലാ കളക്ടർ ചെയർമാനും ആയിരിക്കണം. കോർപ്പറേഷനിൽ മേയറുടെകീഴിലും മുനിസിപ്പാലിറ്റിയിൽ ചെയർമാന്റെകീഴിലും പഞ്ചായത്തിൽ പ്രസിഡന്റിന്റെ കീഴിലും യോഗം ചേർന്ന് താഴെത്തട്ടിലേക്കും ഇതിന്റെ പ്രവർത്തനം വ്യാപിപ്പിക്കേണ്ടതാണ്. അതിനായി സമയബന്ധിതമായി താലൂക്ക്തലത്തിൽ യോഗം വിളിക്കേണ്ടതാണ്. ടി നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ജില്ലാതല യോഗങ്ങൾ നടന്നുവരികയാണ്.

2. സ്കൂളുകളുടെ പരിസരത്ത് ബോർഡുകൾ സ്ഥാപിച്ചുകൊണ്ട് രാവിലെ 8.30 മുതൽ 9.30 വരെയും വൈകിട്ട് 3.30 മുതൽ 4.30 വരെയും വാഹനങ്ങളുടെ വേഗത കർശനമായി നിയന്ത്രിക്കണം.

3. പ്രധാന റോഡുകൾക്ക് സമീപമുള്ള എല്ലാ സ്കൂളിലും ഫുട്ട് ഓവർബ്രിഡ്ജ് സ്ഥാപിക്കാൻ ശ്രമിക്കണം. ഇതിനുവേണ്ടി സ്പോൺസർമാരെ കണ്ടെത്തുന്നകാര്യത്തിലും ഡിസൈൻ ഉണ്ടാക്കുന്നകാര്യത്തിലും മോട്ടോർ വാഹന വകുപ്പ് നടപടി സ്വീകരിക്കണം.

4. ഓരോ വിദ്യാഭ്യാസ സ്ഥാപനത്തിലും ഒരു വോളന്ററി നോഡൽ ഓഫീസറെയും അദ്ദേഹത്തിന്റെകീഴിൽ ഒരു ടീമിനെയും നിയോഗിക്കണം.

5. ഓരോ ജില്ലയിലും ഒരു ട്രാഫിക് പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

6. സ്കൂൾ വാഹന ഡ്രൈവർമാരുടെ താഴ്ന്ന പ്രായപരിധി 25 വയസ്സാക്കുന്നതിനും കൂടാതെ 5 വർഷത്തെ ഡ്രൈവിംഗ് പരിചയം നിർബന്ധമാക്കിക്കൊണ്ടും നിലവിലുള്ള നിർദ്ദേശങ്ങളിൽ മാറ്റം വരുത്തണം.

LIBRARY ARCHIVES Kerala Legislative Assembly

7. സ്കൂൾ വാഹനങ്ങളുടെ പുറമെയുള്ള ഭാഗത്ത് ഡ്രൈവറെ ബന്ധപ്പെടാനുള്ള ഫോൺ നമ്പർ സഹിതമുള്ള വിവരങ്ങൾ പ്രദർശിപ്പിക്കുന്നതിനും വിവരങ്ങൾ പോലീസിന് നൽകുന്നതിന് ഓരോ വാഹനത്തിന്റെയും അതിൽ സഞ്ചരിക്കുന്ന വിദ്യാർത്ഥികളുടെയും പട്ടിക തയ്യാറാക്കുന്നതിനുംവേണ്ട നിർദ്ദേശങ്ങൾ പുറപ്പെടുവിക്കേണ്ടതാണ്.

(സി) മോട്ടോർവാഹന വകുപ്പിനെകൂടാതെ പോലീസ്, വിദ്യാഭ്യാസം തുടങ്ങിയ വകുപ്പുകൾ ഈ പദ്ധതിയുമായി സഹകരിക്കുന്നുണ്ട്.

(ഡി) ഭരണതലത്തിൽ ഇതിനായി പ്രത്യേകം ക്രമീകരണങ്ങൾ ഒന്നും വേണ്ടിവരുന്നില്ല.

ഡ്രൈവിംഗ് ലൈസൻസ് നൽകുന്നതിന് മുൻപ് ട്രാഫിക് നിയമ ക്ലാസ്സ്

264 (7827) ശ്രീ. വർക്കല കഹാർ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡ്രൈവിംഗ് ലൈസൻസ് നൽകുന്നതിന് മുൻപ് ട്രാഫിക് നിയമ ക്ലാസ്സ് നിർബന്ധമാക്കുന്നകാര്യം പരിഗണനയിലുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദമാക്കുമോ ;

(സി) ഇതിനായി സ്ഥിരം സമിതിയെ നിയോഗിക്കുന്നകാര്യം ആലോചിക്കുമോ ; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) ഡ്രൈവിംഗ് ലൈസൻസ് നൽകുന്നതിനുമുമ്പ് ട്രാഫിക് നിയമ ക്ലാസ് നിർബന്ധമാക്കുന്നതിനുള്ള നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ ഡ്രൈവിംഗ് ലൈസൻസ് നൽകുന്നതിനുമുൻപ് ഗതാഗത നിയമങ്ങൾ സംബന്ധിച്ച് പ്രീ-ഡ്രൈവർ ടെസ്റ്റ് പരിശീലനം നൽകിവരുന്നുണ്ട്.

(ബി) കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ സഹകരണത്തോടെ നടപ്പാക്കിവരുന്ന റോഡ് സുരക്ഷയ്ക്കായി ഒരു ദശകം എന്ന ലോകാരോഗ്യ സംഘടന ആഹ്വാനം ചെയ്ത പരിപാടി നടപ്പിലാക്കുന്നതിന്റെ ഭാഗമായാണ് ഇത്തരത്തിലൊരു പരിശീലന പരിപാടി തുടങ്ങിയത്.

സുരക്ഷയിലൂന്നിയ ഒരു ഡ്രൈവിംഗ് സംസ്കാരം വളർത്തുക എന്നതാണ് ഈ പരിപാടിയുടെ പ്രധാന ലക്ഷ്യം. ഇതിലേക്കായി മുമ്പ് മനസ്സിലാക്കിയ ഡ്രൈവിംഗ് രീതികൾ തിരുത്തുവാൻ പ്രീ-ഡ്രൈവർ ടെസ്റ്റ് പരിശീലനം

LIBRARY ARCHIVES Kerala Legislative Assembly